**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5695** **08-11-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഗവ. സെക്രട്ടേറിയറ്റ് ധനകാര്യ വകുപ്പിൽ ജോലിചെയ്യുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരുടെ ക്ഷേമം സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ധനകാര്യ വകുപ്പിൽ ജോലിചെയ്യുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരുടെ ക്ഷേമം സംബന്ധിച്ച് ഉത്തരവുകൾ ഒന്നും ധനകാര്യ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ പരാതികൾ പരിഹരിക്കുവാൻ ഗ്രീവൻസ് സെൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ പരാതികൾ പരിഹരിക്കുവാൻ ധനകാര്യ വകുപ്പിൽ ഗ്രീവൻസ് സെൽ രൂപീകരിച്ചിട്ടില്ല. |
| (സി) | തുടർച്ചയായി അഞ്ചുവർഷത്തിൽകൂടുതൽ ധനകാര്യ സെക്രട്ടേറിയറ്റിനുപുറത്ത് ട്രാൻസ്ഫർ/ ഡെപ്യൂട്ടേഷനിൽ ജോലിചെയ്യുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ഉദ്യോഗസ്ഥരുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ; | (സി) | തുടർച്ചയായി അഞ്ചുവർഷത്തിൽ കൂടുതൽ ധനകാര്യ സെക്രട്ടേറിയറ്റിനു പുറത്ത് ട്രാൻസ്ഫർ/ ഡെപ്യൂട്ടേഷനിൽ ജോലിചെയ്തു വരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 9 ഉദ്യോഗസ്ഥരും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 6 ഉദ്യോഗസ്ഥരും ഉണ്ട്. |
| (ഡി) | മൂന്നുവർഷത്തിനുമുകളിൽ ധനകാര്യ സെക്രട്ടേറിയറ്റിനുപുറത്ത് ട്രാൻസ്ഫർ/ ഡെപ്യൂട്ടേഷനിൽ ജോലിചെയ്യുന്ന എത്ര പട്ടികജാതി പട്ടികവർഗ്ഗ വനിതാജീവനക്കാരുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ; | (ഡി) | മൂന്നുവർഷത്തിനുമുകളിൽ ധനകാര്യ സെക്രട്ടേറിയറ്റിനുപുറത്ത് ട്രാൻസ്ഫർ/ ഡെപ്യൂട്ടേഷനിൽ ജോലിചെയ്യുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 4 വനിതകളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 5 വനിതകളും ഉണ്ട്. |
| (ഇ) | ആരോഗ്യപരമായ പ്രശ്നങ്ങളുള്ള എത്ര പട്ടികജാതി പട്ടികവർഗ്ഗ ജീവനക്കാരെ ധനകാര്യ സെക്രട്ടേറിയറ്റിൽനിന്നും പുറത്തുള്ള മറ്റ് ഓഫീസുകളിൽ ട്രാൻസ്ഫർ/ഡെപ്യൂട്ടേഷനിൽ നിയമിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ഇ) | ആരോഗ്യപരമായ പ്രശ്നങ്ങൾ ഉള്ള പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരു ജീവനക്കാരനെ ടിയാളുടെ അപേക്ഷ പ്രകാരം ധനകാര്യ സെക്രട്ടേറിയറ്റിന് പുറത്തുള്ള ഓഫീസിൽ നിയമിച്ചിട്ടുണ്ട്. ഇതല്ലാതെ നിലവിൽ ധനകാര്യ സെക്രട്ടേറിയറ്റിനു പുറത്ത് നിയമിച്ചിട്ടുള്ള ജീവനക്കാർ ആരുംതന്നെ പ്രസ്തുത നിയമനം നൽകുന്നവേളയിൽ ആരോഗ്യ പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചിട്ടില്ല. |
| (എഫ്) | പ്രസ്തുത ട്രാൻസ്ഫർ/ഡെപ്യൂട്ടേഷൻ സംബന്ധിച്ച് | (എഫ്) | ലഭിച്ച പരാതികൾ പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടേയോ സമുദായ സംഘടനകളുടേയോ പരാതികളെന്തെങ്കിലും ധനകാര്യമന്ത്രിക്ക് ലഭിച്ചിട്ടുണ്ടോ; ആയതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ